XA6 - 3535/2016

എക്സൈസ് കമ്മീഷണറേറ്റ്,
തിരുവനന്തപുരം,
തീയതി: 20/06/2016

## സർക്കുലർ നമ്പർ 6/2016

വിഷയം:- എക്സൈസ് - അബ്കാരി - കെ.എസ്.ബി.സി./ കൺസ്യൂമർഫെഡ് എഫ്.എൽ.1 വിൽപ്പന ശാലകളിലെ പരിശോധന - സംബന്ധിച്ച്.

സൂചന:- 13/06/2016, 15/06/2016 തീയതികളിലെ സർക്കുലറുകൾ.

സംസ്ഥാനത്തെ കെ.എസ്.ബി.സി. / കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ചില എഫ്.എൽ.1 വിൽപ്പന ശാലകളിൽ വ്യാപകമായ ക്രമക്കേടുകൾ നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുള്ളതാണ്. പ്രത്യേകിച്ച് അന്യ സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ നിന്നുമാണ് പരാതികൾ ലഭിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും റേഞ്ച് എക്സൈസ് ഇൻസ്പെക്ടർമാരും ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ അപ്രതീക്ഷിത പരിശോധനകൾ നടത്തേണ്ടതും ടി സ്ഥാപനങ്ങളിലെ സ്റ്റോക്കും സ്റ്റോക്ക് രജിസ്റ്ററും ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതുമാണ്. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും നൽകേണ്ടതും ആയത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

എക്സൈസ് കമ്മീഷണർ നേരിട്ട് ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതാണെന്നും ഏതെങ്കിലും സ്ഥാപനങ്ങളിൽ നിയമ ലംഘനം നടക്കുന്നുവെന്ന് കണ്ടുപിടിക്കുകയോ ബോദ്ധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

P3 send to EI's & CI's stg of Compliance report — 20/6/16

എക്സൈസ് കമ്മീഷണർക്കുവേണ്ടി

പകർപ്പ്:-
1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
3. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും.
4. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും.
5. ഉത്തരവ് ഫയൽ / കരുതൽ ഫയൽ